"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പിൽ ജൂനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീ. ഷിബു എബ്രഹാമിന്റെ KSID/LI/470416036 നമ്പർ എസ്.എൽ.ഐ പോളിസിയുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 20.3, 20.5 എന്നിവയിൽ പ്രത്യേക ഇളവ് അനുവദിച്ച് അർഹമായ ക്ലെയിം ആനുകൂല്യങ്ങൾ അനുവദിക്കുന്നത് - അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 5969/2026/ധന** **തീയതി, തിരുവനന്തപുരം,24/07/2026**

പരാമർശം :- 1. 16/11/1988-ലെ സ.ഉ (പി) നം. 840/88/ധന ഉത്തരവ്.
2. ശ്രീ. ഷിബു എബ്രഹാം സമർപ്പിച്ചിട്ടുള്ള അപേക്ഷ.
3. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 19/05/2026 തീയതിയിലെ കെ.എസ്.ഐ.ഡി/2219/2025-എച്ച് ക്യൂ ജി. എസ് 2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ ജൂനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീ. ഷിബു എബ്രഹാം-ന്റെ പേരിലുള്ള കെ.എസ്.ഐ.ഡി/എൽഐ/470416036 നമ്പർ പോളിസിയിൽ Pre-service training കാലയളവിൽ പ്രീമിയം മുടങ്ങിയിരുന്നെന്നും എന്നാൽ എസ്.എൽ.ഐ ക്ലോഷറിന് നൽകിയപ്പോൾ 6 മാസം മുടക്കം വന്നതിനാൽ അടച്ച തുക മാത്രമേ തിരികെ ലഭിക്കുകയുള്ളൂവെന്ന് ജില്ലാ ഓഫീസിൽ നിന്നും അറിയിച്ചതായും മനഃപൂർവമല്ലാത്ത വീഴ്ച മാപ്പാക്കി ഇൻഷ്വറൻസ് പോളിസിയുടെ അർഹമായ മുഴുവൻ ആനുകൂല്യവും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം ടിയാൾ അഭ്യർത്ഥിച്ചിരുന്നു. ശ്രീ. ഷിബു എബ്രഹാം റവന്യൂ സർവ്വീസിൽ സേവനത്തിലിരിക്കെ 06/2004 മുതൽ മേൽ പോളിസിയിൽ അംഗമായിട്ടുള്ളതാണെന്നും ആയതിനാൽ വില്ലേജ് ഓഫീസർ തസ്തികയുടെ ട്രെയിനിങ് കാലയളവിലും പ്രീമിയം നേരിട്ട് ജില്ലാ ഓഫീസിൽ ഒടുക്കുകയോ ട്രഷറിയിൽ ചലാൻ മുഖേന ഒടുക്കിയോ പോളിസി കാലഹരണപ്പെടാതെ നിലനിർത്തുവാൻ സാധിക്കുമായിരുന്നെന്നും എന്നാൽ 11/2005 മുതൽ 04/2006 വരെ മുടക്കം വരുത്തിയ ശേഷം വകുപ്പിൽ നിന്നോ സർക്കാരിൽ നിന്നോ അനുമതി വാങ്ങാതെ മുടക്കം വരുത്തിയ പ്രീമിയം ഒരുമിച്ച് 05/05/2006 ലാണ് അടച്ചിട്ടുള്ളതെന്നും '6' മാസമോ അതിലധികം കാലമോ തുടർച്ചയായി പ്രീമിയം മുടങ്ങിയാൽ പോളിസി കാലഹരണപ്പെടുകയും കാലഹരണപ്പെട്ട പോളിസി സർക്കാരിന്റെയോ വകുപ്പിന്റെയോ അനുമതിയോടുകൂടി പലിശ ഒടുക്കി പുനരുജ്ജീവിപ്പിക്കുന്നതിന് പോളിസി ഉടമക്കും അതാത് ഡി.ഡി..ഒ-യ്ക്കും ഉത്തരവാദിത്വമുള്ളതാണെന്നും പോളിസിയുടെ കാലാവധി തീരുന്നതുവരെ അവസരങ്ങൾ ഉണ്ടായിരുന്നിട്ടും ഇതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതിനാലാണ് ക്ലെയിം തുകയിൽ കുറവ് വരാനിടയായതെന്നും ആയതിനാൽ മേൽ പോളിസി ഇൻഷ്വറൻസ് ചട്ടങ്ങൾ പാലിച്ചു തന്നെയാണ് ഇടുക്കി ജില്ലാ ഇൻഷ്വറൻസ് ഓഫീസർ തീർപ്പാക്കിയിട്ടുള്ളതെന്നും പരാമർശം (3) പ്രകാരം ഇൻഷ്വറൻസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ഷിബു എബ്രഹാമിന്റെ KSID/LI/470416036 നമ്പർ എസ്.എൽ.ഐ പോളിസിയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലെ Pre-service Training കാലയളവായ 11/2005 മുതൽ 04/2006 വരെയാണ് പ്രീമിയം മുടങ്ങിയതെന്നും, പ്രസ്തുത കുടിശ്ശിക പ്രീമിയം 05/2006-ൽ ഒറ്റത്തവണയായി അടച്ചിട്ടുള്ളതും, അതിനുശേഷം സർവീസിന്റെ ശേഷിക്കുന്ന കാലയളവിൽ പ്രീമിയം മുടക്കം ഉണ്ടായിട്ടില്ലാത്തതുമായ

പ്രത്യേക സാഹചര്യം പരിഗണിച്ച്, ഇത് ഒരു പ്രത്യേക കേസായി കണ്ട് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 20.3, 20.5 എന്നിവയിൽ ഇളവ് അനുവദിച്ചുകൊണ്ട് 11/2005 മുതൽ 04/2006 വരെയുള്ള കുടിശ്ശിക പ്രീമിയത്തിന്മേൽ 9% കൂട്ടുപലിശ ഈടാക്കി, KSID/LI/470416036 നമ്പർ പോളിസിയുടെ അർഹമായ ക്ലെയിം ആനുകൂല്യങ്ങൾ ശ്രീ. ഷിബു എബ്രഹാമിന് അനുവദിക്കുന്നതിന് സർക്കാർ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഷാനവാസ്.എ**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, ഇടുക്കി (ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ മുഖേന)
ശ്രീ.ഷിബു എബ്രഹാം, ജൂനിയർ സൂപ്രണ്ട്(Rtd), ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തദ്ദേശ സ്വയംഭരണ വകുപ്പ് , ഇടുക്കി.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ.3452293/എസ്റ്റാ-ഡി2/44/2026-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ